പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3281 16.12. 2015- ലെ മറുപടി

പ്രവാസികളുടെ ക്ഷേമം

ചോദ്യം | ഉത്തരം

**ശ്രീ.രാജു എബ്രഹാം**

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)*

| | | |
|---|---|---|
| (എ)പ്രവാസികളുടെ ക്ഷേമത്തിനായുള്ള ഓരോ പദ്ധതികളുടെയും മാനദണ്ഡമടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രവാസികൾക്കായി ക്ഷേമനിധി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) | ഉണ്ട്.<br>നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർ, വിദേശത്തു നിന്ന് മടങ്ങിയവർ, കേരളത്തിന് പുറത്ത് ഇന്ത്യയിൽ ജോലി ചെയ്യുന്നവർ, വിദേശത്തു നിന്ന് കേരളത്തിലേക്ക് മടങ്ങിയെത്തി കേരളത്തിന് പുറത്ത് ഇന്ത്യയിൽ ജോലി ചെയ്യുന്നവർ എന്നി വിഭാഗത്തിലുള്ളവരാണ് കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗങ്ങളായുള്ളത്. ഇവർ അംശാദായമായി പ്രതിമാസം അടക്കേണ്ട തുക യഥാക്രമം 300, 100, 100, 50 രൂപ വീതമാണ്. പ്രവാസി ക്ഷേമ നിധിയിൽ അംഗമായി ചേരുവാനുള്ള പ്രായം 18 നും 55 നും മദ്ധ്യേ ആണ്. 55 വയസ്സ് എന്നുള്ളത് 60 ആയി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രതിമാസ പെൻഷന് കൂടാതെ ഈ പദ്ധതിയിൻ കീഴിൽ കുടുംബ പെൻഷൻ, അവശത പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നി ആനുകൂല്യങ്ങളും നൽകി വരുന്നു. |

Shejila
സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)

വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധനചെലവ് വരുന്ന പദ്ധതികൾക്ക് സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിന്നോ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള കെ.എഫ്.സി, കെ.എസ്.എഫ്.ഇ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പകൾ അനുവദിക്കപ്പെട്ടതും, പ്രസ്തുത വായ്പാ തവണകളിൽ മുടക്കം വരാതെ തിരിച്ചടയ്ക്കുകയും ചെയ്യുന്ന ഗുണഭോക്താക്കൾക്ക് മൊത്തം തുകയുടെ 15 ശതമാനം 'ബാക്ക് എൻഡ്' സബ്സിഡിയായി ബാങ്ക് വായ്പയിൽ ക്രമീകരിച്ചു നൽകുന്നതുമാണ്. കൂടാതെ ആദ്യ വർഷം ബാങ്ക് വായ്പ തിരിച്ചടവിൽ 3% പലിശ സബ്സിഡിയും നൽകുന്നുണ്ട്.

**അർഹത**

ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവരുമായ പ്രവാസികളും, അത്തരം പ്രവാസികൾ ഒത്തുചേർന്ന് ആരംഭിക്കുന്ന സംഘങ്ങളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

**മേഖലകൾ**

- കാർഷിക - വ്യവസായം (കോഴി വളർത്തൽ (മുട്ടക്കോഴി, ഇറച്ചിക്കോഴി), മത്സ്യകൃഷി (ഉൾനാടൻ മത്സ്യ കൃഷി, അലങ്കാര മത്സ്യ കൃഷി), ക്ഷീരോല്പാദനം, ഭക്ഷ്യ സംസ്കരണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടു വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ)
- കച്ചവടം (പൊതു വ്യാപാരം - വാങ്ങുകയും വിൽക്കുകയും ചെയ്യൽ)
- സേവനങ്ങൾ (റിപ്പേയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ)
- ഉത്പാദനം - ചെറുകിട - ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉൽപ്പന്നങ്ങൾ, ഫർണിച്ചറും തടിവ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ളിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)

## 2. പ്രവാസി നിയമ സഹായ സെൽ (PLAC)

തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമസഹായം നൽകുന്നതിനുള്ള സമഗ്ര പദ്ധതി. പദ്ധതി പ്രകാരം എംബസികളിൽ വിവിധ കാരണങ്ങളാൽ അഭയം തേടുന്ന മലയാളി സ്ത്രീകൾക്ക് വിമാന യാത്രാകൂലി നൽകുന്നതിനും ഇവരെ വിദേശ രാജ്യങ്ങളിലെ വിവിധ ഭാഗങ്ങളിൽ നിന്നും എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹനചെലവുകളും വഹിക്കുന്നതാണ്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും ഇന്ത്യയിലെ മലയാളികൾ അധിവസിക്കുന്ന പ്രദേശങ്ങളിലും പ്രത്യേകിച്ചും ഡൽഹി, മുംബൈ, ചെന്നൈ, ബംഗളുരു, ഹൈദരാബാദ്, ബറോഡ എന്നീ സ്ഥലങ്ങളിൽ നിയമ ബോധവത്ക്കരണ ക്ളാസ്സുകൾ ഈ പദ്ധതിയിലൂടെ സംഘടിപ്പിക്കുന്നതാണ്.

## 3. സ്വപ്ന സാഫല്യം

**തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിനുള്ള പദ്ധതി.**

**അർഹത:**

- വിദേശത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ പ്രവാസി മലയാളികൾ
- ജയിൽവാസം അനുഭവിച്ചത് ക്രിമിനൽ കുറ്റകൃത്യങ്ങൾക്കോ, അവരുടേതായ കാരണങ്ങൾകൊണ്ടുണ്ടായ കുറ്റകൃത്യങ്ങൾക്കോ വീഴ്ചകൾക്കോ ആയിരിക്കരുത്.
- വിസിറ്റ് / ഉംറ / ഹജ്ജ് വിസയിൽ വിദേശത്തുപോകുന്നവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

**ആവശ്യമായ രേഖകൾ**

- പാസ്പോർട്ടിന്റെ പകർപ്പ്
- കോടതി വിധിയുടെ പകർപ്പ്
- നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ ശുപാർശ

**അപേക്ഷിക്കേണ്ട വിധം**

വെള്ളക്കടലാസിൽ പാസ്പോർട്ട് നമ്പർ, റസിഡന്റ് പെർമിറ്റിന്റെ വിശദാംശങ്ങൾ, നാട്ടിലേയും വിദേശത്തെയും വിലാസം, കുറ്റകൃത്യത്തിന്റെ സ്വഭാവം, തടവിലായിരുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ, ജയിലിന്റെ പേര്, സ്ഥലം തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തിയ അപേക്ഷ ആവശ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം നോർക്ക വകുപ്പിലോ, നോർക്ക സെല്ലുകളിലോ, നോർക്ക റൂട്ട്സ് ആഫീസുകളിലോ സമർപ്പിക്കാവുന്നതാണ്. തടവിലായിരുന്ന വ്യക്തിക്കോ, കുടുംബാംഗങ്ങൾക്കോ, ആശ്രിതനോ, മലയാളി സംഘടനകൾക്കോ, സർക്കാർ ഇതര സംഘടനകൾക്കോ ഗുണഭോക്താവിനു വേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**4. സാന്ത്വന**

തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ഈ പദ്ധതിപ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾക്ക് ധനസഹായം നല്കുന്നു:

മരണാനന്തര ധനസഹായം പരമാവധി 1 ലക്ഷം രൂപ

കാൻസർ, ഹൃദയ ശസ്ത്രക്രിയ, ഗുരുതര വൃക്കരോഗം, പക്ഷാഘാതം അപകടം മൂലമുള്ള സ്ഥിരഅംഗവൈകല്യം തുടങ്ങിയവയ്ക്ക് 50,000/- രൂപ

മറ്റ് രോഗങ്ങൾക്ക് 20,000/- രൂപ

തിരിച്ചെത്തിയ പ്രവാസികൾക്ക് പെൺമക്കളുടെ വിവാഹച്ചെലവുകൾക്കായി പരമാവധി 15,000 രൂപ വരെ നല്കുന്നു.

പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യപരിഹാരത്തിന് കൃത്രിമകാലുകൾ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെ നല്കുന്നു.

**അർഹത**

- അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 100,000/- രൂപയിലധികമാവാൻ പാടില്ല.
- കുറഞ്ഞത് രണ്ടുവർഷം പ്രവാസി ആയിരുന്നിരിക്കണം.
- തിരിച്ചെത്തിയിട്ട് വിദേശത്ത് ജോലി ചെയ്തത്ര കാലയളവ് അല്ലെങ്കിൽ പത്തുവർഷം ഇവയിൽ ഏതാണോ കുറവ് ആ സമയ പരിധിയിൽ അപേക്ഷ നൽകിയിരിക്കണം.
- അപേക്ഷകൻ അപേക്ഷ സമർപ്പിക്കുമ്പോഴും ,സഹായം സ്വീകരിക്കുമ്പോഴും ജോലിയുണ്ടായിരിക്കുവാൻ പാടുള്ളതല്ല.

**ആവശ്യമുള്ള രേഖകൾ**

| *ചികിത്സാ സഹായം* | *മരണാനന്തര സഹായം* | *വിവാഹ സഹായം* | *കൃത്രിമകാൽ, ഊന്നുവടി മുതലായവ* |
|---|---|---|---|
| പാസ്സ്പോർട്ട്<br>റേഷൻകാർഡ്<br>വരുമാന സർട്ടിഫിക്കറ്റ്<br>മെഡിക്കൽ സർട്ടിഫിക്കറ്റ്<br>മെഡിക്കൽ ബില്ലുകൾ | പാസ്സ്പോർട്ട്<br>റേഷൻകാർഡ്<br>വരുമാന സർട്ടിഫിക്കറ്റ്<br>മരണസർട്ടിഫിക്കറ്റ്<br>അപേക്ഷകന്റെ തിരിച്ചറിയൽ കാർഡ് | പാസ്സ്പോർട്ട്<br>റേഷൻകാർഡ്<br>വരുമാന സർട്ടിഫിക്കറ്റ്<br>വിവാഹം സംബന്ധിച്ച തെളിവ്<br>പ്രവാസിയുമായുള്ള ബന്ധത്തിന്റെ തെളിവ് | പാസ്സ്പോർട്ട്<br>റേഷൻകാർഡ്<br>വരുമാന സർട്ടിഫിക്കറ്റ്<br>ഡോക്ടറുടെ കുറിപ്പുകൾ<br>ബന്ധം തെളിയിക്കുന്നതിനുള്ള രേഖ |

**5. . എൻ.ആർ.കെ ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്**

**സവിശേഷതകൾ**

- പ്രവാസി കേരളീയർക്കായുള്ള തിരിച്ചറിയൽ കാർഡായി ഉപയോഗിക്കുന്നതിലേക്ക് 2008 ആഗസ്റ്റിൽ ആരംഭിച്ചു.

- അപകടമരണം/സ്ഥിരമായ/പൂർണമായ/ഭാഗീകമായ വൈകല്യം എന്നിവയ്ക്ക് രണ്ടുലക്ഷം (പരമാവധി) രൂപവരെയുള്ള ഇൻഷുറൻസ് ആനുകൂല്യം
- കാർഡിന്റെ കാലാവധി മൂന്നുവർഷമായിരിക്കും.
- രജിസ്ട്രേഷൻ ഫീ – ഒരു വ്യക്തിക്ക് 300 രൂപ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ് എന്ന പേരിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്)

**അർഹത**

- കുറഞ്ഞത് ആറുമാസത്തേതെങ്കിലും സാധുതയുള്ള വിസ, പാസ്പോർട്ട് എന്നിവയോടെ വിദേശത്ത് താമസിക്കുകയോ ജോലിചെയ്യുന്നതോ ആയ പ്രവാസി മലയാളി(18 വയസ്സ് പൂർത്തിയായിരിക്കണം).
- പാസ്പോർട്ട്, വിസ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പ്രസക്തമായ പേജുകളുടെ പകർപ്പുകൾ സഹിതം അപേക്ഷ സമർപ്പിച്ചിരിക്കണം.

**6. <u>എൻ.ആർ.കെ ഇൻഷുറൻസ് കാർഡ്</u>**

മറുനാടൻ മലയാളികൾക്കുള്ള (അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ) തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. നോർക്ക സഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാം. അപകടമരണം, സ്ഥിരം/പൂർണ വൈകല്യം എന്നിവയക്ക് 2 ലക്ഷം (പരമാവധി) രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ വരെ നൽകി വരുന്നു.

**<u>അർഹത</u>**

- രണ്ടുവർഷമായി അന്യസംസ്ഥാനങ്ങളിൽ താമസിക്കുകയോ ജോലി എടുക്കുകയോ ചെയ്യുന്ന മറുനാടൻ കേരളീയർ (18 വയസ്സ് പൂർത്തിയായിരിക്കണം).
- സർക്കാർ തിരിച്ചറിയൽ രേഖ, അതതുസംസ്ഥാനത്തെ താമസത്തിന്റെ രേഖ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**7.** പ്രവാസികൾക്ക് നോർക്കയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിഷിക്കുന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്ക റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ എന്നിവ പ്രവർത്തിക്കുന്നു.

**8. <u>നോർക്ക റൂട്ട്സ് ചെയർമാൻ ഫണ്ട്</u>**

നോർക്ക റൂട്ട്സ് മുഖേന സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ നിശ്ചിത ശതമാനം അർഹതയുള്ള പ്രവാസികൾക്ക് ബോർഡിന്റെ അംഗീകാരത്തോടെ ധനസഹായം നൽകുന്നു.

**അർഹത**

- അപേക്ഷകർ ഇന്ത്യയ്ക്കു പുറത്തോ ഇന്ത്യയിൽ അന്യസംസ്ഥാനത്തോ രണ്ടുവർഷമെങ്കിലും താമസിച്ചിട്ടുള്ള ആളാവണം.
- വാർഷിക കുടുംബവരുമാനം 1,00,000 രൂപയിൽ കവിയരുത്.
- അപേക്ഷകന്റെ ആശ്രിതനും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.
- അപേക്ഷകൻ സാന്ത്വനം പദ്ധതി പ്രകാരം സഹായം ലഭിച്ചയാൾ ആവരുത്.

**ആവശ്യമുള്ള രേഖകൾ**

- പാസ്പോർട്ടിന്റെ പകർപ്പ്
- വരുമാന സർട്ടിഫിക്കറ്റ്
- ചികിത്സാ സഹായത്തിന്- മെഡിക്കൽ ബില്ലുകൾ
- മരണാനന്തര സഹായത്തിന്- മരണ സർട്ടിഫിക്കറ്റ്
- റേഷൻകാർഡിന്റെ കോപ്പി

9. **കാരുണ്യം**

പ്രവാസി മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പ്രത്യേക നിധി.

**അർഹത**

- വിദേശത്തുവച്ച് മരിക്കുന്ന പ്രവാസിക്ക് സാധുതയുള്ള ഇന്ത്യൻ പാസ്സ്പോർട്ട് ഉണ്ടായിരിക്കണം. മരണസമയത്ത് അവിടെ നിയമാനുസൃതം താമസിച്ചിരുന്ന/ജോലി ചെയ്തിരുന്ന ആളായിരിക്കണം.
- ഇന്ത്യയിൽ ഇതരസംസ്ഥാനത്തുവച്ച് മരിക്കുന്ന കേരളീയന്റെ കാര്യത്തിൽ അയാൾ തൊഴിലിനു വേണ്ടി/ജോലി സംബന്ധിച്ച ആവശ്യങ്ങൾക്കുവേണ്ടി അന്യസംസ്ഥാനത്ത് സഞ്ചരിക്കുകയോ താമസിക്കുകയോ ചെയ്തിരുന്ന ആളാവണം.

**ആവശ്യമുള്ള രേഖകൾ**

- യഥാവിധി റദ്ദാക്കിയ ഇന്ത്യൻ പാസ്സ്പോർട്ട്. വിദേശരാഷ്ട്രത്തിന്റെ വിസ സംബന്ധിച്ച വിവരങ്ങൾ പാസ്സ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടാവണം. വിദേശത്ത് പ്രവേശിച്ച തീയതി, പാസ്സ്പോർട്ട് റദ്ദാക്കിയ തീയതി എന്നിവ ഇതിലൂടെ വ്യക്തമാവണം.
- നിശ്ചിതകാലത്ത് വിദേശത്ത് അഥവാ വിദേശങ്ങളിൽ ജോലി ചെയ്യുന്നതിന് അനുവദിക്കപ്പെട്ടിരുന്നതായി തെളിയിക്കുന്നതിന് അതതു രാജ്യത്തെ വർക്ക് പെർമിറ്റ് അഥവാ മറ്റൊരു രേഖ ഹാജരാക്കണം.
- തൊഴിലിന്റെ സ്വഭാവവും കാലവും തെളിയിക്കുന്നതിനായി തൊഴിൽ സംബന്ധിച്ച കരാർ, നിയമന ഉത്തരവ്, തൊഴിൽ സർട്ടിഫിക്കറ്റ്, വിദേശതൊഴിൽ ഉടമയുടെ മറ്റു രേഖകൾ എന്നിവ ഹാജരാക്കണം.
- മരണസർട്ടിഫിക്കറ്റും മെഡിക്കൽ സർട്ടിഫിക്കറ്റുകളും
- മരിച്ച ആളുമായി അപേക്ഷിക്കുന്ന ആൾക്കുള്ള ബന്ധം തെളിയിക്കുന്ന രേഖ
- തിരഞ്ഞെടുപ്പുകമ്മീഷൻ നല്കുന്ന തിരിച്ചറിയൽ കാർഡ്/അല്ലെങ്കിൽ അപേക്ഷിക്കുന്ന ആളിന്റെ ഇപ്പോഴത്തെ വാസസ്ഥലം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖ. (തിരഞ്ഞെടുപ്പുകമ്മീഷൻ നല്കുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കാൻ കഴിയുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കണം.)
- മരിച്ച പ്രവാസിയായ കേരളീയന്റെ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും വരുമാനം സംബന്ധിച്ച രേഖകൾ
- അപേക്ഷകൻ നിയമാനുസൃതമുള്ള അനന്തരാവകാശിയാണെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
- മരിച്ച ആൾ ജോലി ചെയ്തിരുന്ന സ്ഥാപനം/കമ്പനി/സ്പോൺസറിൽ നിന്ന് മൃതദേഹം കൊണ്ടുപോകുന്നതിനുള്ള ക്രമീകരണത്തിന്റെയും അത് നാട്ടിലെത്തിക്കുന്നതിന്റെയും ചെലവ് തങ്ങൾ വഹിച്ചിട്ടില്ല എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ്
- അന്തരിച്ച പ്രവാസിയുടെ വാസസ്ഥലം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ സർട്ടിഫിക്കറ്റ്
- മൃതദേഹം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ശവപ്പെട്ടി തയ്യാറാക്കുന്നതിനും ചെലവായ തുകയുടെ ബില്ലുകൾ
- മോർച്ചറിയിൽ മൃതദേഹം സൂക്ഷിച്ചിരുന്നുവെങ്കിൽ അതിനു ചെലവായ തുകയുടെ ബില്ലുകൾ
- മരിച്ച വ്യക്തിയുടെ ആശുപത്രി ചെലവുകൾ അവകാശപ്പെടുന്നുവെങ്കിൽ അതിനുള്ള ബില്ലുകൾ
- മൃതശരീരം നാട്ടിലെത്തിക്കുന്നതിനുള്ള വാഹന ചെലവ് സംബന്ധിച്ച ബില്ലുകൾ
- മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾ അപേക്ഷകൻ വ്യക്തിപരമായി വഹിച്ചു എന്ന് ഉറപ്പാക്കുന്ന രേഖകൾ

---

Sheejle

സെക്ഷൻ ഓഫീസർ